**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**കളമശ്ശേരി കേന്ദ്രമായുള്ള എൻ.എസ്.ജി. ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗ്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3412 22/8/2017-ൽ മറുപടിക്ക്**

| | ചോദ്യം<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | Order No.04/2010 dated 14.07.2010/ADGP (Ind.) പ്രകാരം എറണാകുളം ജില്ലയിലെ കളമശ്ശേരി കേന്ദ്രമാക്കി തീവ്രവാദ ഭീഷണി നേരിടുന്നതിനും വി.വി.ഐ.പി സുരക്ഷ ഒരുക്കുന്നതിനും വേണ്ടി രൂപീകരിച്ച എൻ.എസ്.ജി. ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗ് നിലവിൽ അവിടെ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; എൻ.എസ്. ജി.. കേരള പോലീസ് കമാൻഡോ ട്രെയിനിംഗ് നേടിയവരെ വിന്യസിച്ച് ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | എൻ.എസ്. ജി പരിശീലനം നേടിയ കേരള പോലീസ് കമാൻഡോകളെ തിരുവനന്തപുരത്ത് പോലീസ് ട്രെയിനിംഗ് കോളേജ് കേന്ദ്രമാക്കിയും, എറണാകുളം ജില്ലയിലെ കളമശ്ശേരി കേന്ദ്രമാക്കിയും രണ്ടു വിംഗുകളാക്കി വിന്യസിച്ചിരുന്നു. സുരക്ഷാ ഭീഷണി നേരിടുന്ന ക്ഷേത്രങ്ങളുടെയും, വ്യക്തികളുടെയും സുരക്ഷാ ഡ്യൂട്ടികൾക്ക് നിയോഗിക്കുവാൻ വേണ്ടത്ര അംഗബലം തിരുവനന്തപുരം കേന്ദ്രമാക്കി വിന്യസിച്ചിരുന്ന കേരളാ പോലീസ് കമാൻഡോ വിംഗിന് ഇല്ലാതിരുന്ന സാഹചര്യത്തിൽ 03/07/2012 തീയതിയിലെ ഉത്തരവ് നമ്പർ P1-7143/2012/SB പ്രകാരം കളമശ്ശേരി കേന്ദ്രമാക്കി രൂപീകരിച്ച കേരള കമാൻഡോ വിംഗിനെ തിരുവനന്തപുരം കമാൻഡോ വിംഗുമായി കൂട്ടിച്ചേർക്കപ്പെട്ടു.<br><br>എൻ.എസ്.ജി. പരിശീലനം നേടിയ കേരള പോലീസ് കമാൻഡോകളുടെ അംഗബലം വർദ്ധിയ്ക്കുന്ന മുറയ്ക്ക് കളമശ്ശേരി കേന്ദ്രമാക്കി രൂപീകരിച്ച കേരള പോലീസ് കമാൻഡോ വിംഗിനെ പുന:സ്ഥാപിക്കുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | മെട്രോ റെയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് എൻ.എസ്.ജി ട്രെയിൻഡ് കേരള പോലീസ് കമാൻഡോ വിംഗിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ ; | (ബി) | മെട്രോ റെയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കമാൻഡോകളുടെ സേവനം നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. |
| (സി) | Order No.P1/7143/2012 SB dated 01.08.2012 പ്രകാരം പുനർവിന്യസിച്ചിരുന്ന എറണാകുളം കമാൻഡോ വിംഗിന്റെ പാർട്ടി കമാൻഡർ നിലവിൽ കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (സി) | എറണാകുളം കമാൻഡോ വിംഗിന്റെ പാർട്ടി കമാൻഡർ നിലവിൽ കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നില്ല. ടിയാനെ കമാൻഡോ വിംഗിൽ അറ്റാച്ച് ചെയ്തിരുന്ന ഡി.ജി.ഒ.യുടെ കാലാവധി കഴിഞ്ഞതിനാൽ കമാൻഡോ വിംഗിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാകുന്നു. |

| | | | |
|---|---|---|---|
| (ഡി) | DGO No. 1897/2016 പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി സ്പെഷ്യൽ ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കിയ ഓഫീസർ നിലവിൽ കേരള പോലീസ് കമാൻഡോ വിങ്ങിൽ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ഡി) | DGO No. 1897/2016 പ്രകാരം ടിയാനെ മാതൃയൂണിറ്റിലേക്ക് മടക്കി അയക്കുകയും ചുമതലപ്പെടുത്തിയിരുന്ന പ്രത്യേക ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് കമാൻഡോ വിംഗിൽ നിന്നും വിടുതൽ ചെയ്തതെന്ന് രേഖപ്പടുത്തിയിട്ടില്ല . DGO No. 1252/2017 dated 17/05/2017 പ്രകാരം ടിയാൾ കേരള പോലീസ് കമാൻഡോ വിംഗിൽ ജോലി ചെയ്തു വരുന്നുണ്ട്. |
| (ഇ) | എൻ.എസ്.ജി-ൽ നിന്നും കമാൻഡോ കോഴ്സ് (PCIC) പൂർത്തിയാക്കിയ എത്ര ഇൻസ്പെക്ടർമാർ (CI,RI,API) നിലവിൽ ഉണ്ട്; വിശദവിവരം നൽകാമോ ? | (ഇ) | എൻ.എസ്.ജി-ൽ നിന്നും കമാൻഡോ കോഴ്സ് പൂർത്തിയാക്കിയ ഇൻസ്പെക്ടർ റാങ്കിലുള്ള ആരും തന്നെ നിലവിൽ കേരളാ പോലീസ് കമാൻഡോ വിംഗിൽ ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ